**<u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം</u>**

**<u>(ഹയർസെക്കന്ററി വിഭാഗം)</u>**

**<u>ജഗതി, തിരുവനന്തപുരം</u>**

**(ഹാജർ - ഉമേഷ് എൻ എസ് കെ ഐഎഎസ്)**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർസെക്കന്ററി വിഭാഗം – ജീവനക്കാര്യം- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ നിന്നും സർക്കാർ ഏറ്റെടുത്ത സ്കൂളുകളിലെ (കോമൺപൂൾ വിഭാഗം) പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രമോഷൻ 63700-123700/- രൂപ ശമ്പള സ്കെയിലിൽ -പ്രൊമോഷൻ നൽകി ഉത്തരവാക്കുന്നു.

---

**ഉത്തരവ് നമ്പർ : HSE/15543/2025-Ad D3 തീയതി : 17-12-2025**

---

പരാമർശം:
1. 02/01/2010 തീയതിയിലെ സ.ഉ. (എം.എസ്) നം. 02/10/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. 17/07/2014 തീയതിയിലെ സ.ഉ. (കൈ) നം. 132/2014/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. 20/12/2017 തീയതിയിലെ 1410811/യു2/2017/പൊ.വി. നമ്പർ സർക്കാർ കത്ത്
4. 27/04/2015 തീയതിയിലെ എഡി ബി7/48960/എച്ച്.എസ്.ഇ/2014 നമ്പർ ഉത്തരവ് പ്രകാരമുള്ള എച്ച്.എസ്.എസ്.റ്റി മാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്
5. 21/01/2023 തീയതിയിലെ പൊതുവിദ്യാഭ്യാസ വിഭാഗത്തിൽ നിന്നുള്ള ഡി4/12563/2022/ഡി.ജി.ഇ നമ്പർ പ്രകാരമുള്ള എച്ച്.എം/എ.ഇ.ഒ സീനിയോരിറ്റി ലിസ്റ്റ്
6. 18/07/2024 തീയതിയിലെ പൊ.വി.വ-സി2/66/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്
7. 10/09/2025 തീയതിയിലെ എച്ച്.എസ്.ഇ/15543/2025-എഡി ഡി3 നമ്പർ സർക്കുലറുകൾ.

# ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന സ്കൂളുകൾ **02/01/2010** പ്രാബല്യത്തിൽ സർക്കാർ ഏറ്റെടുക്കുകയും പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന അംഗീകൃത അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ പി.എസ്.സി.യുടെ അംഗീകാരത്തിന് വിധേയമായി സർക്കാർ സ്കൂൾ ജീവനക്കാരായി സർവ്വീസ് ക്രമീകരിക്കുകയും ചെയ്ത് പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവായിരുന്നു. സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ ഒരു കോമൺപൂളായി നിലനിർത്താനും പി.എസ്.സി മുഖേനയല്ലാതെ പഞ്ചായത്ത് സ്കൂളുകളിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി അവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ കണക്കാക്കികൊണ്ട് ഈ കോമൺപൂളിനായി ഒരു പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാനും പ്രസ്തുത കോമൺപൂളിനുള്ളിലുണ്ടാകുന്ന ഒഴിവുകൾ ടി സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പ്രമോഷൻ മുഖേന നികത്തുന്നതിനും പരാമർശം **(2)** പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ നിർദ്ദേശം പാലിച്ച് കോമൺപൂൾ കാറ്റഗറിയിൽ ഉൾപ്പെട്ട എച്ച്.എസ്.എസ്.റ്റി മാരുടെയും എച്ച്.എം/എ.ഇ.ഒ മാരുടെയും അന്തിമ സീനിയോറിറ്റി ലിസ്റ്റ് യഥാക്രമം പരാമർശം **(4), (5)** പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**2.**ഹയർ സെക്കന്ററി വിഭാഗത്തിലെ പ്രിൻസിപ്പൽ തസ്തികയിലേക്ക് സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും **2:1** അനുപാതത്തിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർമാരിൽ നിന്നുള്ള സ്ഥാനക്കയറ്റവും ഹെഡ്മാസ്റ്റർ തസ്തികയിൽ നിന്നുള്ള തസ്തികമാറ്റ നിയമനവും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത **2:1** അനുപാതം കോമൺപൂളിന്റെ കാര്യത്തിലും പിൻതുടരാവുന്നതാണെന്ന് പരാമർശം **(3)** പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. കോമൺപൂളിൽ ഉൾപ്പെട്ടിരുന്ന എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകൾ പരിമിതമായതിനാൽ , **29/07/2022** തീയതിയിലെ പൊ.വി.വ സി**1/12/2022** നമ്പർ കത്ത് പ്രകാരം സീനിയോരിറ്റി അടിസ്ഥാനത്തിൽ ജൂനിയർ തസ്തികയിൽ നിന്ന് എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു. കോമൺപൂൾ പ്രിൻസിപ്പൽ തസ്തിക ഗസറ്റഡ് തസ്തിക അല്ലാത്തതിനാലും ടി വിഭാഗത്തിൽ പരിമിതമായ ഒഴിവുകളേ നിലവിലുള്ളൂ എന്നതും കണക്കിലെടുത്ത് സീനിയോരിറ്റി അടിസ്ഥാനത്തിൽ തന്നെ ജൂനിയർ തസ്തികയിൽ നിന്ന് എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്ക് പ്രമോഷൻ നൽകിയതുപോലെ കോമൺപൂൾ പ്രിൻസിപ്പൽ പ്രമോഷനും നൽകുന്നതിന് പരാമർശം **(6)** പ്രകാരം സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം **(7)** പ്രകാരം പരാമർശം **(4), (5)** സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന അധ്യാപകരിൽ നിന്നും പ്രൻസിപ്പൽ പ്രൊമോഷനായി അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുന്നതിനും സർക്കുലർ നൽകിയിരുന്നു.

4. പരാമർശം **(5)** ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന എച്ച്.എം/എ.ഇ.ഒ മാർ ആരും പ്രൊമോഷനായി അപേക്ഷയും അനുബന്ധരേഖകളും സമർപ്പിച്ചിരുന്നില്ല. ടി സാഹചര്യത്തിൽ പരാമർശം **(2)** ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം **(3), (6)** ലെ സർക്കാർ നിർദ്ദേശം അനുസരിച്ചും കോമൺപൂൾ കാറ്റഗറിയിലെ താഴെപറയുന്ന എച്ച്.എസ്.എസ്.റ്റി മാർക്ക് ഒഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ **2:1** അനുപാതത്തിൽ കോമൺപൂൾ വിഭാഗത്തിലെ പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്രമോഷൻ നൽകി **63700-123700** രൂപ ശമ്പള സ്കെയിലിൽ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്കൂളുകളിൽ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, പെൻ | തസ്തിക, വിഷയം | എച്ച്.എസ്.എസ്.റ്റി/ എച്ച്.എം ആയി നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | പ്രിൻസിപ്പൽ ആയി നിയമനം നൽകുന്ന സ്കൂൾ |
|---|---|---|---|---|
| 1 | SHEEBA R S (155375) | HSST Malayalam | Govt Jawahar HSS, Ayoor, Kollam (2098) | CBKM Govt. HSS Puduppariyaram Palakkad (09054) |
| 2 | SREELATHA T M (155376) | HSST GEOGRAPHY | Govt Jawahar HSS,Ayoor, Kollam (2098) | Perumatti Panchayath HSS, Palakkad (09031) |
| 3 | SREEKUMAR A U (155378) | HSST CHEMISTRY | Govt Jawahar HSS,Ayoor, Kollam (2098) | Panchayath HSS Kulanada Pathanamthitta (03080) |

**5.** നിലവിൽ കോമൺപൂൾ കാറ്റഗറിയിൽ പ്രിൻസിപ്പൽ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണനയിൽ ഉള്ളതിനാൽ ടിയാളുകളുടെ സ്ഥലംമാറ്റ ഉത്തരവിന് വിധേയമായി മേൽപ്പറഞ്ഞവർക്ക് നിയമനം നൽകിയ സ്കൂളുകൾക്ക് മാറ്റം വരാവുന്നതാണ്. മേൽപ്പറഞ്ഞ ജീവനക്കാർ ടി ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ പ്രിൻസിപ്പൽ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ടി അദ്ധ്യാപകർ പ്രിൻസിപ്പൽ തസ്തികയിൽ ജോയിൻ ചെയ്ത ശേഷം ജോയിനിംഗ് ആർ.റ്റി.സി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

Signed by
Umesh N S K
Date: 17-12-2025 00:14:04

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തിക്ക്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. ബന്ധപ്പെട്ട ആർ.ഡി.ഡി
4. കരുതൽ ഫയൽ/അധികം